(ബി) 1 കൊലപാതകവും 146 ആത്മഹത്യയും ഉണ്ടായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഫോറൻസിക് മെഡിസിൻ എം.ഡി. ബിരുദമുള്ള ഡോക്ടർമാരെ പോലീസ് സർജന്മാരായി അംഗീകരിക്കുന്നതിനുള്ള നടപടി

208 (3842) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ആരോഗ്യവകുപ്പിൽ ജോലി ചെയ്തു വരുന്ന ഫോറൻസിക് മെഡിസിൻ എം.ഡി. ബിരുദമുള്ള ഡോക്ടർമാരെ പോലീസ് സർജൻമാരായി അംഗീകരിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിക്കുന്നുണ്ടോ ; ഇതുമായി ബന്ധപ്പെട്ട് ആരോഗ്യ വകുപ്പിന്റെ ശിപാർശ ആഭ്യന്തര വകുപ്പിന് ലഭിച്ചിട്ടുണ്ടോ ;

(ബി) പാലക്കാട് ജില്ലാ ആശുപത്രി ഒഴികെ മറ്റു ജില്ലാ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഫോറൻസിക് വിദഗ്ധർക്ക് ആഭ്യന്തര വകുപ്പിന്റെ അംഗീകാരം ഇല്ലാത്തതിനാൽ പോലീസ് സർജന്മാരായി ജോലി ചെയ്യാൻ കഴിയില്ല എന്നകാര്യം ആഭ്യന്തര വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ഉത്തരം

(എ&ബി) വിവരം ശേഖരിച്ചുവരുന്നു.

ഫാസ്റ്റ് ട്രാക്ക് കോൾ സെന്റർ

209 (3843) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്ത്രീകളുടെ പരാതികൾ പരിഹരിക്കുന്നതിനുള്ള ഫാസ്റ്റ് ട്രാക്ക് കോൾ സെന്റർ രൂപീകരിക്കരിക്കാൻ എന്നാണ് തീരുമാനമെടുത്തത് ; എന്നാണ് ഇത് സംബന്ധിച്ച ഉത്തരവ് ഇറക്കിയത് ; വ്യക്തമാക്കാമോ ;

(ബി) നിലവിൽ സംസ്ഥാനത്ത് എത്ര കോൾ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട് ; ഏതെല്ലാം സ്ഥലങ്ങളിൽ ; വ്യക്തമാക്കാമോ ;

(സി) എത്ര വീതം പോലീസ് ഉദ്യോഗസ്ഥരാണ് ഓരോ സെന്ററിലുമുള്ളത് ; പ്രസ്തുത സെന്ററുകൾ വഴി സ്ത്രീകൾക്ക് എന്തൊക്കെ സേവനങ്ങളാണ് ലഭ്യമാക്കുന്നത് ; വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2-7-2013-ലെ ജി.ഒ. (എംഎസ്.) 165/2013/ആഭ്യന്തരം പ്രകാരമാണ് കോൾ സെന്റർ രൂപീകരിക്കാൻ സർക്കാർ ഉത്തരവായത്.

(ബി) തിരുവനന്തപുരം സിറ്റി, കോഴിക്കോട് സിറ്റി, കോട്ടയം എന്നിവിടങ്ങളിൽ കോൾ സെന്റർ രൂപീകരിക്കാനാണ് അനുമതി നൽകിയിട്ടുള്ളത്. ഇത് നടപ്പിലാക്കുവാനുള്ള നടപടികൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥ തലത്തിൽ നടന്നുവരികയാണ്.

(സി) ഓരോ സെന്ററിലും 2 വീതം വനിതാ സിവിൽ പോലീസ് ഓഫീസേഴ്സിന്റെ സേവനം 24 മണിക്കൂറും ലഭ്യമായിരിക്കും. ഇതിനായി 8 വനിതാ സിവിൽ പോലീസ് ഉദ്യോഗസ്ഥർ 3 ഘട്ടങ്ങളിലായി (8 മണിക്കൂർ x 3) വേണ്ടി വരും. വനിതകൾക്ക് നേരെ നടക്കുന്ന അതിക്രമങ്ങൾ ഏറ്റവും പെട്ടെന്നുതന്നെ നടപടികൾ സ്വീകരിക്കുന്നതിന് ഇത്തരം കോൾ സെന്ററുകൾ ഉപകാരപ്രദമായിരിക്കും.

പോലീസിലെ ഒഴിവുകൾ

210 (3844) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ ഇപ്പോൾ എത്ര ഒഴിവുകളാണ് നിലവിലുള്ളത് ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) പോലീസ് സേനയിലെ ഒഴിവുകൾ നികത്തുന്നതിന് വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

അനാശാസ്യം ഒളികാമറവഴി ചിത്രീകരിച്ച് പണം തട്ടിയ സംഘം

211 (3845) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അനാശാസ്യം ചിത്രീകരിച്ച് ഭീഷണിപ്പെടുത്തി പണം തട്ടിയെടുത്ത സംഘത്തെക്കുറിച്ചുള്ള എറണാകുളം നോർത്ത് സി.ഐ.-യുടെ നേതൃത്വത്തിലുള്ള പോലീസ് അന്വേഷണം പൂർത്തിയായിട്ടുണ്ടോ ;